# പശ്ചിമഘട്ടം: ഗാഡ്ഗിൽ റിപ്പോർട്ട്

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് അംഗീകരിച്ചാൽ മാത്രം പശ്ചിമഘട്ടമലനിരകൾ പൂർണ്ണമായി സംരക്ഷിക്കപ്പെടുമെന്ന വ്യാമോഹമൊന്നും ആർക്കും ഉണ്ടാകുമെന്നു തോന്നുന്നില്ല. എന്നാൽ വികസനത്തിന്റെ പേര് പറഞ്ഞ് ഇനിയും ഈ മലനിരകളെ നശിപ്പിക്കുന്നത് ആത്മഹത്യാപരമായിരിക്കും എന്നു തിരിച്ചറിയാനെങ്കിലും റിപ്പോർട്ട് ഉപകരിക്കേണ്ടതാണ്.

എസ്.പി. രവി

**പശ്ചിമഘട്ടത്തിന്റെ** സംരക്ഷണത്തിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്നാവശ്യപ്പെട്ട് പശ്ചിമഘട്ടപരിസ്ഥിതി വിദഗ്ധസമിതി (Western Ghats Ecology Expert panel - WGEEP) രൂപീകരിച്ചത് കേന്ദ്രപരിസ്ഥിതി-വനം മന്ത്രാലയമാണ്. ഇപ്പോൾ ഈ റിപ്പോർട്ടിനെ ഇല്ലാതാക്കാൻ ശ്രമിക്കുന്നവരിൽ മുൻപന്തിയിൽ പരിസ്ഥിതി-വനം മന്ത്രാലയം (MoEF) തന്നെയാണ്. 2010 മാർച്ചിൽ WGEEP രൂപീകരിക്കുമ്പോഴും 2011 ആഗസ്റ്റിൽ സമിതി റിപ്പോർട്ട് സമർപ്പിച്ചശേഷവും മന്ത്രാലയത്തിന്റെ നിലപാടിലുണ്ടായ മാറ്റത്തിന് ഒരൊറ്റ വിശദീകരണമേയുള്ളൂ. കേരളത്തിൽ ഗാഡ്ഗിൽ കമ്മിറ്റി എന്നറിയപ്പെടുന്ന WGEEP രൂപീകരിക്കുന്നതിനു മുൻകൈയ്യെടുത്ത അന്നത്തെ പരിസ്ഥിതി-വനം മന്ത്രി ജയറാം രമേഷ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് മുൻപ് പരിസ്ഥിതി-വനം മന്ത്രാലയത്തിന്റെ ചുമതലയിൽ നിന്നൊഴിവാക്കപ്പെട്ടിരുന്നു. (മുൻകാലങ്ങളിലെപ്പോലെ തങ്ങളുടെ മുന്നിലെത്തുന്ന മിക്ക പദ്ധതികൾക്കും ജയറാം രമേഷിന്റെ കാലത്തും MoEF പാരിസ്ഥിതികാനുമതി നൽകിയിരുന്നു. വേദാന്തയുടെ ബോക്സൈറ്റ് ഖനനം, അതിരപ്പിള്ളി, ഗുണ്ടിയ ജലവൈദ്യുതപദ്ധതികൾ തുടങ്ങി വിരലിലെണ്ണാവുന്ന ചില പദ്ധതികളെ മാത്രമാണദ്ദേഹം എതിർത്തത്. എന്നാൽ ഇതുപോലും വികസന തീവ്രവാദികൾക്ക് സഹിക്കാവുന്നതിലപ്പുറമായിരുന്നു.)

ഗാഡ്ഗിൽ കമ്മിറ്റിയുടെ പഠനം നടക്കുമ്പോൾ ഓരോ ഘട്ടത്തിലും ബന്ധപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകാവുന്ന വിധത്തിൽ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. എന്നാൽ റിപ്പോർട്ട് സമർപ്പിക്കപ്പെട്ട ശേഷം അത് പൊതുജനങ്ങളിൽ നിന്നു മറച്ചു വയ്ക്കാനാണ് MoEF ശ്രമിച്ചത്. റിപ്പോർട്ടിനോട് വിയോജിപ്പുള്ള ഖനി, വ്യവസായം, ഊർജ്ജം തുടങ്ങിയ കേന്ദ്രവകുപ്പുകൾക്കും ബന്ധപ്പെട്ട സംസ്ഥാനങ്ങൾക്കും റിപ്പോർട്ട് നൽകിക്കൊണ്ട് അവരുടെ എതിർപ്പ് എഴുതി വാങ്ങാനാണ് പരിസ്ഥിതി-വനം മന്ത്രാലയം ശ്രമിച്ചത്. (റിപ്പോർട്ടിനെ സ്വാഭാവികമായും എതിർക്കുന്ന ഗോവയിലെ ഖനിലോബികൾക്ക് കേന്ദ്രത്തിൽ സമർപ്പിക്കപ്പെട്ടതിനു പിന്നാലെതന്നെ റിപ്പോർട്ടിന്റെ പകർപ്പ് ലഭിച്ചിരുന്നുവത്രേ!)

## സ്വന്തം കുഞ്ഞിനെ കൊല്ലുന്നവർ

വിവരാവകാശനിയമപ്രകാരം ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് ആവശ്യപ്പെട്ടപ്പോൾ തെറ്റായ കാരണങ്ങൾ നിരത്തി റിപ്പോർട്ട് നൽകാതിരിക്കാനാണ് MoEF ശ്രമിച്ചത്. കേന്ദ്രവിവരാവകാശകമ്മീഷണറുടെ ഉത്തരവുപോലും പാലിക്കാതെ ഡൽഹി ഹൈക്കോടതിയെ സമീപിച്ച MoEF, ഒടുവിൽ ഹൈക്കോടതിയിൽ നിന്നുകൂടി രൂക്ഷവിമർശനം ഏറ്റുവാങ്ങിയശേഷമാണ് തങ്ങളുടെ വെബ്സൈറ്റിൽ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയത്. സംസ്ഥാനങ്ങൾക്കും കേന്ദ്രമന്ത്രാലയങ്ങൾക്കും WGEEP റിപ്പോർട്ടിന്മേൽ അഭിപ്രായമറിയിക്കാൻ ആറുമാസത്തിലധികം സമയം നൽകിയ MoEF, രണ്ടു വാല്യങ്ങളിലായി അനുബന്ധങ്ങൾ ഉൾപ്പടെ അഞ്ഞൂറിലധികം പേജുള്ള ഈ റിപ്പോർട്ട് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയ ദിവസം മുതൽ 45ദിവസം മാത്രമാണ് പൊതുജനങ്ങൾക്ക് അഭിപ്രായമറിയിക്കാൻ ലഭ്യമാക്കിയത്. (ഈ ചുരുങ്ങിയ സമയത്തിനിടയിൽത്തന്നെ പൊതുജനങ്ങളിൽ നിന്നും 1200 കത്തുകളാണ്/ഇമെയിലുകളാണ് മന്ത്രാലയത്തിനു ലഭിച്ചത്.)

ഇതിനിടെ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ പ്രസക്ത നിർദ്ദേശങ്ങൾ നടപ്പാക്കാൻ കേന്ദ്രസർക്കാരിനു നിർദ്ദേശം നൽകണമെന്ന ആവശ്യവുമായി പശ്ചിമഘട്ടസംസ്ഥാനങ്ങളിലെ വിവിധപരിസ്ഥിതി സംഘടനകൾ നാഷണൽ ഗ്രീൻ ട്രൈബ്യൂണലിനെ (NGT) സമീപിച്ചിരുന്നു. NGT അവരുടെ ഇടക്കാല ഉത്തരവിൽ, ഗാഡ്ഗിൽ കമ്മിറ്റി ESZ 1 ൽ പെടുത്തിയിട്ടുള്ള പ്രദേശങ്ങളിൽ പുതുതായി ഏതെങ്കിലും പദ്ധതികൾക്ക് പാരിസ്ഥിതിക അനുമതി നൽകുകയാണെങ്കിൽ അത് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ മാനദണ്ഡങ്ങൾക്കനുസൃതമായിരിക്കണമെന്നു പറഞ്ഞു. ഇതിനെതിരെ കേന്ദ്രപരിസ്ഥിതി-വനം മന്ത്രാലയം NGT യെ സമീപിച്ചെങ്കിലും അവർ മുൻ ഉത്തരവു ശരിവയ്ക്കുകയാണ് ചെയ്തത്.

നിർദ്ദിഷ്ട അതിരപ്പിള്ളി ജലവൈദ്യുതപദ്ധതിക്കൊപ്പം പാരിസ്ഥിതിക അനുമതി നൽകരുതെന്ന് ഗാഡ്ഗിൽ കമ്മിറ്റി ആവശ്യപ്പെട്ട കർണ്ണാടകയിലെ ഗുണ്ടിയ ജലവൈദ്യുതപദ്ധതിക്ക് അനുമതി നൽകണമെന്ന് MoEFനു കീഴിൽ പ്രവർത്തിക്കുന്ന നദീതടപദ്ധതികൾക്കായുള്ള എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റി (EAC) ആവശ്യപ്പെട്ടതും WGEEP റിപ്പോർട്ടിനെ അട്ടിമറിക്കാനുള്ള നീക്കത്തിന്റെ ഭാഗമായിത്തന്നെ കാണണം. ESZ 1 ൽ WGEEP റിപ്പോർട്ടിലെ ശുപാർശകൾക്കെതിരായ പദ്ധതികൾക്കനുമതി നൽകുന്നതിന് NGT യുടെ വിലക്കുള്ളതിനാൽ മാത്രം EACയുടെ ശുപാർശയ്ക്കനുസരിച്ച് ഗുണ്ടിയ പദ്ധതിക്കനുമതി നൽകാൻ MoEFനായില്ല.

ഗാഡ്ഗിൽ റിപ്പോർട്ട് അട്ടിമറിച്ച് പശ്ചിമഘട്ടത്തിൽ ഇനിയും വിനാശകരമായ പല പദ്ധതികളും നടപ്പാക്കാനുള്ള അധികൃതരുടെ ശ്രമങ്ങൾക്ക് NGT യുടെ ഇടക്കാല ഉത്തരവ് താൽക്കാലികമായി തടയിട്ടിട്ടുണ്ട്. എന്നാൽ ആത്യന്തികമായി ഈ റിപ്പോർട്ടിന്റെ അന്ത്യകൂദാശ നടത്തിയേ അടങ്ങൂ എന്ന വാശിയിലാണ് MoEF. ഇതിനു കാർമികത്വം വഹിക്കാനുള്ള ചുമതല ഡോ. കസ്തൂരിരംഗന്റെ നേതൃത്വത്തിലുള്ള ഉന്നതതലസമിതിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

### കസ്തൂരിരംഗൻ കമ്മിറ്റി

WGEEP റിപ്പോർട്ടിന്മേൽ വിവിധ സംസ്ഥാനങ്ങളുടേയും കേന്ദ്രമന്ത്രാലയങ്ങളുടേയും മററുള്ളവരുടേയും പ്രതികരണങ്ങളുടെ അടിസ്ഥാനത്തിൽ ഈ റിപ്പോർട്ടിനെ സമഗ്രമായി പരിശോധിക്കാനാണ് ഡോ.കസ്തൂരിരംഗന്റെ നേതൃത്വത്തിൽ ഹൈ ലെവൽ വർക്കിങ്ങ് ഗ്രൂപ്പ് (HLWG) രൂപീകരിച്ചത് എന്നാണ് HLWG യുടെ ടേംസ് ഓഫ് റഫറൻസ് (ToR) പറയുന്നത്.

ജൈവവൈവിധ്യം, വന്യജീവികൾ തുടങ്ങിയവയുടെ സംരക്ഷണത്തിന് സവിശേഷ ശ്രദ്ധ നൽകിക്കൊണ്ട് മേഖലയുടെ സാമ്പത്തിക, സാമൂഹിക വളർച്ച ഉറപ്പാക്കുക, തദ്ദേശീയരുടേയും ആദിവാസികളുടേയും അവകാശങ്ങളും ആവശ്യങ്ങളും ആഗ്രഹങ്ങളും പരിഗണിക്കുക, കാലാവസ്ഥാവ്യതിയാനം ഉയർത്തുന്ന വെല്ലുവിളികൾ പരിശോധിക്കുക, യുനെസ്കോയുടെ പൈതൃകപദവിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുക തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കാൻ TOR ആവശ്യപ്പെടുന്നു. WGEEP റിപ്പോർട്ടുമായി ബന്ധപ്പെട്ട തുടർ നടപടികൾ ശുപാർശ ചെയ്യാനും HLWG നോടാവശ്യപ്പെട്ടിട്ടുണ്ട്.

ഗാഡ്ഗിൽ കമ്മിറ്റിയിലെ അനുദ്യോഗസ്ഥഅംഗങ്ങൾ മിക്കവരും അറിയപ്പെടുന്ന പരിസ്ഥിതി ശാസ്ത്രജ്ഞരായിരുന്ന സ്ഥാനത്ത്, മുൻ ഐ.എസ്.ആർ.ഒ ചെയർമാനും ഭൗതികശാസ്ത്രജ്ഞനുമായ ഡോ.കസ്തൂരിരംഗന്റെ നേതൃത്വത്തിലുള്ള HLWGൽ ഒരു പരിസ്ഥിതി ശാസ്ത്രജ്ഞൻ പോലുമില്ല. ബന്ധപ്പെട്ട സംസ്ഥാനങ്ങളുമായും മറ്റു തൽപ്പരകക്ഷികളുമായും, വിശേഷിച്ച് പരിസ്ഥിതി രംഗത്തുള്ളവരുമായും (Environmentalists and conservation specialists) ചർച്ചകൾ നടത്തണമെന്ന് കസ്തൂരിരംഗൻ കമ്മിറ്റിയുടെ ToRൽ പറയുന്നുണ്ടെങ്കിലും പരിസ്ഥിതി രംഗത്തുള്ളവരുമായി ചർച്ച നടത്തേണ്ടതില്ല എന്നാണ് ഇവർ തീരുമാനിച്ചിരിക്കുന്നത്. (Minutes of HLWG meeting on 28/08/12, 18/08/12). ഗാഡ്ഗിൽ കമ്മിറ്റി പരിസ്ഥിതിവിഷയങ്ങൾ വിശദമായി പരിശോധിച്ചതിനാൽ ആവർത്തനം ആവശ്യമില്ലെന്നാണിവരുടെ ന്യായം. ബന്ധപ്പെട്ട സംസ്ഥാനങ്ങളോട്, WGEEP റിപ്പോർട്ടിനോടുള്ള അവരുടെ എതിർപ്പുകൾ വ്യക്തമാക്കാവുന്ന രീതിയിലുള്ള ചോദ്യാവലിക്ക് മറുപടി നൽകാനാവശ്യപ്പെടുകയും പശ്ചിമഘട്ടത്തിലെ സാമൂഹിക-സാമ്പത്തിക കാര്യങ്ങളിൽ ഇടപെടുന്ന സംഘടനകളുമായി ചർച്ച നടത്താൻ തീരുമാനിക്കുകയും ചെയ്ത HLWG ന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാണല്ലോ. ഗാഡ്ഗിൽ കമ്മിറ്റി കണക്കാക്കിയ പരിസ്ഥിതി പ്രധാന സോണുകളുടെ അതിരുകൾ ശരിയല്ലെന്നും അവ പുനർനിർണ്ണയിക്കണമെന്നുമുള്ള HLWGന്റെ വിലയിരുത്തൽ കൂടിയാകുമ്പോൾ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്റെ അന്തകനാകാൻ തന്നെയാണ് കസ്തൂരിരംഗൻ കമ്മിറ്റിയുടെ നീക്കമെന്ന സംശയം ബലപ്പെടുകയാണ്. അതിരപ്പിള്ളി, ഗുണ്ടിയ തുടങ്ങിയ വിഷയങ്ങളിലും ബന്ധപ്പെ

ട്ട സംസ്ഥാനങ്ങളുമായി മാത്രം ചർച്ച നടത്താനാണ് കസ്തൂരിരംഗൻ കമ്മിറ്റി തയ്യാറെടുക്കുന്നത്. 2012 ആഗസ്റ്റ് 18ന് രണ്ട് മാസത്തെ കാലാവധിയുമായാണ് കസ്തൂരിരംഗൻ കമ്മിറ്റിയെ നിയോഗിച്ചതെങ്കിലും ഇപ്പോൾ അവരുടെ കാലാവധി 4മാസം കൂടി നീട്ടി നൽകിയിട്ടുണ്ട്.

**കേരളത്തിന്റെ എതിർപ്പുകൾ**

മഴമേഘങ്ങളുമായെത്തുന്ന മൺസൂൺ വാതങ്ങളെ തടുത്തുനിർത്തി മഴ പെയ്യിച്ചും, നാടിനെ സമൃദ്ധമാക്കുന്ന നദികൾക്ക് ജന്മമേകിയും, കാലാവസ്ഥയെ നിയന്ത്രിച്ചും, ഔഷധസസ്യങ്ങളും കാർ



ഷികവിളകളുടെ വന്യജനുസ്സുകളും പ്രദാനം ചെയ്തും, ഉൾനാടൻ-തീരദേശമത്സ്യസമ്പത്തിനെ പരിപോഷിപ്പിച്ചും വലിയ സേവനമാണ് പശ്ചിമഘട്ട മലനിരകളും അവിടുത്തെ വനങ്ങളും നമുക്ക് നൽകിയിരുന്നത്. നമ്മെ സംരക്ഷിക്കുന്ന ഈ മലനിരകളെ അതിന്റെ സകലവിശുദ്ധിയോടെയും നിലനിർത്തേണ്ട ഭരണഘടനാപരമായ ബാധ്യതയുള്ള സർക്കാരുകൾ ഇത്രയുംകാലം ഈ ദൗത്യം നിറവേറ്റുന്നതിൽ പരാജയമായിരുന്നു. നാടിന്റെ നിലനിൽപ്പിനുവേണ്ടി പഴയതെറ്റുകൾ കുറേയൊക്കെ തിരുത്തുവാനും ഇനിയെങ്കിലും ഈ ജൈവവിസ്മയത്തെ സംരക്ഷിക്കുവാനുമുള്ള കുറെ നല്ല നിർദ്ദേശങ്ങൾ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലുണ്ട്. ഈ നിർദ്ദേശങ്ങളെ സർവ്വാത്മനാ സ്വാഗതം ചെയ്യേണ്ട സംസ്ഥാനസർക്കാർ ഗോവയിലെ ഖനിലോബികൾക്കും മററു സ്ഥാപിതതാൽപര്യങ്ങൾക്കുമൊപ്പം ഈ റിപ്പോർട്ടിനെ പൂർണ്ണമായും എതിർക്കുന്നത് തികച്ചും ദൗർഭാഗ്യകരമാണ്.

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് അംഗീകരിച്ചാൽ അത് കേരളത്തിന്റെ വികസനത്തെ ഇല്ലാതാക്കുമെന്നും സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങളുപയോഗിച്ച് ഇവിടെ വളരെ കാര്യക്ഷമമായി പരിസ്ഥിതി സംരക്ഷണം നടക്കുന്നുണ്ടെന്നും പുതിയ നിയന്ത്രണങ്ങളുടേയോ പുതിയ അഥോറിറ്റിയുടേയോ ആവശ്യമില്ലെന്നുമാണ് സംസ്ഥാന സർക്കാർ നേരത്തെ കേന്ദ്രത്തിനയച്ച കത്തിലെ രത്നച്ചുരുക്കം. സംസ്ഥാനം ഉന്നയിച്ച പ്രധാന എതിർപ്പുകൾ ഇവയാണ്.

1. ഗാഡ്ഗിൽ കമ്മിറ്റി അവരുടെ പഠനത്തിനായി കണക്കാക്കിയ അതിരുകൾ അന്തിമമല്ലെന്ന് റിപ്പോർട്ടിൽ തന്നെ പറയുന്നു. ഈ പശ്ചാത്തലത്തിൽ പശ്ചിമഘട്ടത്തെ വിവിധ സോണുകളായി തിരിച്ചത് തെറ്റാണ്.
2. സോൺ 1ന് ചില മാനദണ്ഡങ്ങൾ പറയുന്നുണ്ടെങ്കിലും രണ്ടിനും മൂന്നിനും കൃത്യമായ മാനദണ്ഡമില്ല.
3. സംസ്ഥാനത്ത് നിലവിലുള്ള (ഇരുപതോളം) നിയമങ്ങൾ ഇവിടുത്തെ പരിസ്ഥിതി സംരക്ഷണത്തിന് പര്യാപ്തമാണ്. കേന്ദ്ര പരിസ്ഥിതി സംരക്ഷണനിയമത്തിനുകീഴിൽ (EPA 1986) പശ്ചിമഘട്ടപരിസ്ഥിതി അഥോറിറ്റി (Western Ghats Ecology Authority WGEA) രൂപീകരിച്ചാൽ അത് സംസ്ഥാന നിയമങ്ങൾക്ക് അതീതമായിരിക്കും.
4. ഉയർന്ന പാരിസ്ഥിതിക അവബോധമുള്ള ജനത ഇവിടുത്തെ പരിസ്ഥിതിയുടെ കാവൽക്കാരായി (watch dogs) ഉള്ളതിനാൽ ഇവിടെ പുതിയ ഒരു അഥോറിറ്റി ആവശ്യമില്ല. WGEA രൂപീകരിക്കുകയാണെങ്കിൽ തന്നെ സംസ്ഥാനത്തെ അതിന്റെ പരിധിയിൽനിന്നൊഴിവാക്കണം.
5. സംസ്ഥാനത്തെ മൊത്തം ഭൂവിസ്തൃതിയായ 38863 ചതുരശ്രകിലോമീറ്ററിൽ 21856 ചതുരശ്രകിലോമീറ്റർ (56ശതമാനം) പശ്ചിമഘട്ടത്തിലാണ്. 1279.3ച.കി.മീ ഉൾനാടൻ,. തീരദേശ തണ്ണീർത്തടങ്ങളും 300 ച.കി.മീ തീരദേശസംരക്ഷണനിയമത്തിന്റെ (CRZ) പരിധിയിലുമാണ്. 3818 ച.കി.മീറ്റർ നെൽവയൽ നീർത്തടസംരക്ഷണനിയമത്തിന്റെ പരിധിയിലാണ്. ആകെ 26983.6 ച.കി.മീറ്റർ (69.4 ശതമാനം) ഭൂപ്രദേശം വിവിധനിയന്ത്രണങ്ങളിലാണ്. ബാക്കി 11879.4 ച.കി.മീറ്റർ (30.6 ശതമാനം) പ്രദേശം മാത്രമാണ് സംസ്ഥാനത്ത് ജനവാസത്തിനും

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ ചില അവ്യക്തതകളെ പെരുപ്പിച്ചു കാണിച്ചും തെറ്റായ വിവരങ്ങളും പച്ചക്കള്ളങ്ങളും പറഞ്ഞുമാണ് സംസ്ഥാന സർക്കാർ ഈ കത്ത് തയ്യാറാക്കിയിരിക്കുന്നത്. ESZ കളുടെ അതിരുകളെ സംബന്ധിച്ച് ചില ആശങ്കകൾ നിലനിൽക്കുന്നുണ്ട്. എന്നാൽ ഇപ്പോഴുള്ള അതിരുകൾ ഗ്രാമസഭാതലം മുതലുള്ള ചർച്ചകളിലൂടെ അന്തിമമായി പുനർനിർണ്ണയിക്കണമെന്ന് റിപ്പോർട്ടിൽ തന്നെ ആവശ്യപ്പെടുന്നുണ്ട്

കൃഷിക്കും വികസനപ്രവർത്തനങ്ങൾക്കുമായി ലഭ്യമായിട്ടുള്ളത്. ഇനിയും നിയന്ത്രണങ്ങൾ സംസ്ഥാനത്തിനു താങ്ങാനാകില്ല. 50വർഷം പഴക്കമെത്തിയ അണക്കെട്ടുകൾ ഡീകമ്മീഷൻ ചെയ്യണം തുടങ്ങിയ ചില നിർദ്ദേശങ്ങൾ പൈശാചികമാണ്. ഇത് നടപ്പാക്കിയാൽ ചുരുങ്ങിയ സമയത്തിൽ സംസ്ഥാനം പൂർണ്ണമായി ഇരുട്ടിലാകും.

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ ചില അവ്യക്തതകളെ പെരുപ്പിച്ചു കാണിച്ചും തെറ്റായ വിവരങ്ങളും പച്ചക്കള്ളങ്ങളും പറഞ്ഞുമാണ് സംസ്ഥാന സർക്കാർ ഈ കത്ത് തയ്യാറാക്കിയിരിക്കുന്നത്. ESZകളുടെ അതിരുകളെ സംബന്ധിച്ച് ചില ആശങ്കകൾ നിലനിൽക്കുന്നുണ്ട്. എന്നാൽ ഇപ്പോഴുള്ള അതിരുകൾ ഗ്രാമസഭാതലം മുതലുള്ള ചർച്ചകളിലൂടെ അന്തിമമായി പുനർനിർണ്ണയിക്കണമെന്ന് റിപ്പോർട്ടിൽ തന്നെ ആവശ്യപ്പെടുന്നുണ്ട്. ഈ പ്രക്രിയ സമയബന്ധിതമായി നടപ്പാക്കിയാൽ അതിരുകൾ സംബന്ധിച്ച ആശങ്കകൾ പരിഹരിക്കാവുന്നതേയുള്ളൂ. ഇതിനു മുൻപുതന്നെ പൂർണ്ണമായും പശ്ചിമഘട്ടത്തിൽ പെടാത്ത താലൂക്കുകളെ സംബന്ധിച്ച് പശ്ചിമഘട്ടത്തിനു പുറത്തുള്ള പ്രദേശങ്ങൾക്ക് സോണുകൾക്കുള്ള നിയന്ത്രണങ്ങൾ ബാധകമല്ല എന്ന് വ്യക്തമാക്കേണ്ടതാണ്.

സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങളുപയോഗിച്ച് വളരെ ഫലപ്രദമായി പരിസ്ഥിതി സംരക്ഷണം നടക്കുന്നുണ്ടെന്ന വാദം മുഴുവൻ കേരളീയരേയും കളിയാക്കുന്നതിനു തുല്യമാണ്. കത്തിലെ ഏറ്റവും വലിയ കള്ളം സംസ്ഥാനത്തെ 30.6ശതമാനം സ്ഥലത്ത് മാത്രമേ ജനവാസവും കൃഷിയും വികസനവുമുള്ളൂ എന്ന വാദമാണ്. ശോഷിച്ച വനങ്ങൾ ഉൾപ്പടെ 15ശതമാനം സ്ഥലം പോലും ജനവാസവും കൃഷിയും മറ്റുമില്ലാതെ ഇന്ന് സംസ്ഥാനത്തുണ്ടാകില്ല. WGEAയുടെ ഘടനയേയും ചുമതലകളേയും കുറിച്ച് കുറേക്കൂടി ചർച്ചകൾ വേണമെന്നാവശ്യപ്പെട്ടിരുന്നുവെങ്കിൽ അതിനോട് യോജിക്കാമായിരുന്നു. എന്നാൽ WGEA വേണ്ടെന്നു പറയുന്നത് പശ്ചിമഘട്ടത്തെ ഇനിയും കൊള്ളയടിക്കാൻ വേണ്ടിയാണെന്നേ കണക്കാക്കാനാകൂ.

ESA/ESZ ആയി പ്രഖ്യാപിക്കുന്ന പ്രദേശങ്ങളിൽ ജനവാസവും കൃഷിയും പാടില്ലെന്ന് പറയുന്നില്ല. പരിസ്ഥിതിക്കിണങ്ങുന്ന പുരോഗതിക്കായി ജനപങ്കാളിത്തത്തോടെ മാസ്റ്റർപ്ലാൻ തയ്യാറാക്കി അതിനനുസരിച്ച് പുരോഗമനപ്രവർത്തനങ്ങൾ നടത്തണമെന്നാണ് കണക്കാക്കുന്നത്. എന്നാൽ ഇക്കാര്യം മറച്ചുവച്ച് ഇടുക്കിയിലേയും വയനാട്ടിലേയും ജനങ്ങൾ കുടിയിറങ്ങേണ്ടിവരുമെന്ന തെറ്റായ പ്രചാരണങ്ങളാണ് നടക്കുന്നത്. WGEEP റിപ്പോർട്ടിൽ വിവിധ സോണുകളിൽ ചെയ്യാവുന്നതും ചെയ്യാൻ പാടില്ലാത്തതുമായി നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ പരിശോധിക്കുമ്പോൾ അവയിൽ മിക്ക നിർദ്ദേശങ്ങളും നിലവിലുള്ള പരിസ്ഥിതി സംരക്ഷണനിയമങ്ങളും നയങ്ങളും കാര്യക്ഷമമായി നടപ്പാക്കണമെന്നേ ആവശ്യപ്പെടുന്നുള്ളൂ എന്നു കാണാം. ഈ നിർദ്ദേശങ്ങളെ എതിർക്കുന്നവർ നിലവിലുള്ള നിയമങ്ങൾ/നയങ്ങൾ പാലിക്കാൻ തയ്യാറല്ലെന്നാണ് വ്യക്തമാക്കുന്നത്.

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് അംഗീകരിച്ചാൽ മാത്രം പശ്ചിമഘട്ടമലനിരകൾ പൂർണ്ണമായി സംരക്ഷിക്കപ്പെടുമെന്ന വ്യാമോഹമൊന്നും ആർക്കും ഉണ്ടാകുമെന്നു തോന്നുന്നില്ല. എന്നാൽ വികസനത്തിന്റെ പേര് പറഞ്ഞ് ഇനിയും ഈ മലനിരകളെ നശിപ്പിക്കുന്നത് ആത്മഹത്യാപരമായിരിക്കും എന്നു തിരിച്ചറിയാനെങ്കിലും ഈ റിപ്പോർട്ട് ഉപകരിക്കേണ്ടതാണ്. പശ്ചിമഘട്ടത്തിന്റെ നാശത്തിന്റെ തോത് കുറയ്ക്കാനും പരിസ്ഥിതി പുനഃസ്ഥാപനപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനും ഈ റിപ്പോർട്ട് പ്രയോജനപ്പെടും. ഈ റിപ്പോർട്ടിനെ കുഴിച്ചു മൂടാനുള്ള സംഘടിതശ്രമങ്ങൾക്കെതിരെ ജനങ്ങൾ ശക്തമായി പ്രതികരിച്ചേ മതിയാകൂ.


കേരളീയം

**14-ാം പിറന്നാൾ പ്രത്യേകപതിപ്പ്**

പശ്ചിമഘട്ടം

അടുത്തലക്കങ്ങളിൽ...

സ്ഥലപരിമിതി മൂലം പശ്ചിമഘട്ട ലക്കത്തിലേക്ക് സമാഹരിച്ച പല മാറ്ററുകളും ഉൾക്കൊള്ളിക്കാൻ കഴിഞ്ഞിട്ടില്ല. അടുത്തലക്കങ്ങളിൽ പ്രതീക്ഷിക്കുക.

**അഭിമുഖം**

ഡോ. ജ്യോതിസ് സത്യപാലൻ
സി.എ. ബഷീർ
ഡോ. സി.ടി.എസ്. നായർ

**ലേഖനങ്ങൾ**

സി.ഡി. സുനീഷ്, സി. റഹീം, പി.പി. ബാബുരാജ്, ജോസഫ് നെടുമ്പുറം, ശശിധരൻ, കെ.എ. സമദ്, എസ്. ശാന്തി, ഡോ. പി.എസ്. ഈസ, സി. ശശികുമാർ, ഡോ. കെ.എച്ച്. അമിതാബച്ചൻ, ആശ-ഹരി, ഡോ. സി.പി. ഷാജി, എസ്. ഉഷ, കെ.പി. ജയകുമാർ, ഇ. കുഞ്ഞികൃഷ്ണൻ, ഡോ. അനിൽ സക്കറിയ, അഡ്വ. ഡെയ്സി തമ്പി, അഡ്വ. വി. ഹരീഷ്, കെ.ആർ. രഞ്ജിത്ത്, ഡോ. എബി ജോർജ്ജ്, നീരജ...